ഏറ്റെടുക്കൽ നടപടികൾ അനിശ്ചിതമായി നീണ്ടു പോയതിനാൽ ദേശീയപാത 17-ലെ തലപ്പടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻവാങ്ങിയിരുന്നു. ഈ തീരുമാനം റദ്ദു ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 30-10-2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 2-12-2014-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം സെക്രട്ടറിക്കും ഇതേ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്.

വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ലു.ഡി. റോഡുകളുടെ പട്ടിക

239 (4871) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ലു.ഡി. റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്; ഓരോ റോഡും എത്ര ദൂരമാണ് നന്നാക്കിയതെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡ് എത്ര പ്രാവശ്യം അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്; ഇവയ്ക്ക് നാളിതുവരെ എത്ര രൂപ ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ളതും എന്നാൽ പണി ആരംഭിക്കാൻ സാധിക്കാത്തതുമായ ഏതെല്ലാം റോഡുകളുണ്ട്; ഇവയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്;

(ഇ) വാമനപുരം മണ്ഡലത്തിലെ ഇപ്പോൾ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡിന്റെ വിവിധ അറ്റകുറ്റപ്പണികൾക്കായി 29.65 ലക്ഷം രൂപ ചെലവാക്കി.

(ഡി) അനുബന്ധം III ആയി ചേർക്കുന്നു.*

(ഇ) അനുബന്ധം IV ആയി ചേർക്കുന്നു.*

അങ്കമാലി ബൈപ്പാസ്

240 (4872) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇത് പ്രാവർത്തികമാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ;

(സി) അങ്കമാലി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്ക് കണക്കിലെടുത്ത് ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണം PPP മാതൃകയിൽ നടപ്പാക്കുന്നതിനുള്ള കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ശക്തമായ കാലവർഷം കാരണം സർവ്വേ നടപടികൾ തടസ്സപ്പെട്ടതാണ് കാലതാമസത്തിനിടയാക്കിയത്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരറോഡു വികസനപദ്ധതി

241 (4873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly